നെതർലാന്റ് സർക്കാരിന്റെ ധനസഹായം

12 [785] ശ്രീ. എൻ. ഡി. അപ്പച്ചൻ :
,, സി. പി. മുഹമ്മദ് :
,, ജോർജ്ജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സാർവ്വദേശീയ സർക്കാരിതര സംഘടനയ്ക്കോ പ്രാദേശിക സർക്കാതിര സംഘടനകൾക്കോ നെതർലാന്റ് സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നെതർലാന്റ് സർക്കാരിന്റെ ധനസഹായം ലഭിക്കുന്ന ഈ സംഘടനകൾവഴി നെതർലാന്റ് സർക്കാർ സംസ്ഥാനത്തിന്റെ ആസൂത്രണരംഗത്ത് ഇടപെടുന്നുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അറിവിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF)ന് നെതർലാന്റ് സർക്കാരിൽനിന്നും 2000-മാണ്ട് മുതൽ 15.4 കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ഗ്രാമീണ മേഖലയിലെ ചെറുകിട സാമൂഹ്യകുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള കുടിവെള്ള, സാനിറ്റേഷൻ പരിപാടികൾ നടപ്പിലാക്കുന്നു. ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലെ 15 പഞ്ചായത്തുകളിൽ 'ജീവധാര' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വിദേശ ഭൂപട നിർമ്മാണം

13 [786] ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, കെ. എ. ചന്ദ്രൻ :
,, എ. കെ. മണി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി നെതർലാന്റ് സർക്കാർ സ്വന്തം പണം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ ഭൂപട നിർമ്മാണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാട്ടർ അതോറിറ്റിയിൽ നെതർലാന്റ് അസിസ്റ്റഡ് പ്രോഗ്രാമിന്റെ ടെക്നിക്കൽ ഡയറക്ടറായ പിയേഴ്സൺ സംസ്ഥാനത്ത് വിഭവ ഭൂപട നിർമ്മാണം നടത്തിയിട്ടുണ്ടോ ;

(സി) 1996-2001-ൽ നിലവിലുണ്ടായിരുന്ന സർക്കാരിന്റെ കാലത്ത് വിഭവ ഭൂപട നിർമ്മാണരംഗത്ത് ഒരു വിദേശ സർക്കാരിന്റെ ഇടപെടലുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ ഇടപെടലിന് വഴിവച്ചതാരാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വിഭവ ഭൂപട നിർമ്മാണം നടത്തിയിട്ടില്ല. അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് നെതർലാന്റ് ധനസഹായത്തോടുകൂടി ജി. ഐ. എസ്. (Geographical Information System) എന്നതിൽ ട്രെയിനിംഗ് പ്രോഗ്രാം നടത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

കാറ്റിൽ നിന്നും വൈദ്യുതി

T14 [787] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ;

(സി) തീരുമാനം എടുക്കുന്നതിനു മുമ്പ് തന്നെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്ക് സ്വകാര്യ സംരംഭകരിൽ നിന്നും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ;

(ഇ) ഇപ്രകാരം ടെണ്ടർ ക്ഷണിക്കാൻ സ്ഥാപനത്തിന്റെ മേലധികാരിക്ക് സർക്കാരോ അനർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോ അനുമതി നൽകിയിട്ടുണ്ടോ ;

(എഫ്) ടെണ്ടർ ക്ഷണിക്കുന്നതിനായി അനർട്ടിന് എന്ത് തുക ചെലവായി ;

(ജി) ഇപ്പോൾ പദ്ധതി നടപ്പാക്കിയോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ;

(എച്ച്) സർക്കാരിന്റെയോ അനർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ അനുവാദമില്ലാതെ ക്ഷണിച്ച ടെണ്ടർ റദ്ദ് ചെയ്തുകൊണ്ട് ഇതിലേക്കായി ചെലവാക്കിയ തുക ബന്ധപ്പെട്ട അധികാരിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

"T"—മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly